I/19287/2023

കോഴിക്കോട് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി & ജില്ലാ കളക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ: ഡോ.നരസിംഹഗാരി ടി എൽ റെഡ്ഡി, ഐ.എ.എസ്)

വിഷയം : ജില്ലാ ആസൂത്രണ സമിതി- കോഴിക്കോട് ജില്ല – ജൈവവൈവിധ്യ പരിപാലന സമിതികൾക്കാവശ്യമായ വിദഗ്ധോപദേശം നൽകുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) സ.ഉ. (സാധാ) നം. 2550/എൽ.എസ്.ജി.ഡി തീയതി 20-10-2022.
2) സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 14.12.2022 ലെ Conser.A/3909/2019/KSBB നടപടിക്രമം
3) 30.12.2022 തീയതിയിൽ കൂടിയ ജില്ലാ ആസൂത്രണ സമിതി യോഗ തീരുമാനം

ഉത്തരവ് നം. 2343/22/ഡിപിസി/ഡിപിഒ/കെകെഡി തീയതി :25-02-2023

തദ്ദേശ ഭരണ സ്ഥാപനതലത്തിൽ രൂപീകരിച്ചിട്ടുള്ള ജൈവവൈവിധ്യ പരിപാലന സമിതികൾ (BMC) ക്ക് ആവശ്യമായ വിദഗ്ധോപദേശം നൽകുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സംവിധാനം എന്ന നിലയിൽ ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കണമെന്ന് പരാമർശം (1) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

ജില്ലയിലെ ജൈവവൈവിധ്യ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ഏകോപനം സാധ്യമാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളെ പിന്തുണയ്ക്കുന്നതിനുമായി നിർദ്ദിഷ്ട ഘടനയിൽ ജില്ലാതല ജൈവവൈവിധ്യ വിദഗ്ധസമിതി പരാമർശം (2) പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ജൈവവൈവിധ്യ പരിപാലന സമിതികൾക്കാവശ്യമായ വിദഗ്ധോപദേശം നൽകുന്നതിനും അവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ സബ് കമ്മിറ്റി എന്ന നിലയിൽ താഴെ പറയും പ്രകാരം ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

| | | | |
|---|---|---|---|
| **ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ** | | - | **ചെയർപേഴ്സൺ** |
| **അംഗങ്ങൾ** | | | |
| 1. | പ്രിൻസിപ്പൽ കൃഷി ഓഫിസർ | - | അംഗം |
| 2. | അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് | - | അംഗം |
| 3. | ജില്ലാ ഫിഷറീസ് ഓഫീസർ | - | അംഗം |
| 4. | ജില്ലാ മൃഗസംരക്ഷണ ഓഫീസർ | - | അംഗം |
| 5. | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ യൂണിറ്റ് (പി.എ.യു) | - | അംഗം |
| 6. | ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് | - | അംഗം |
| **സ്ഥിരം ക്ഷണിതാക്കൾ** | | | |
| 1. | ശ്രീ.എ. സുധാകരൻ, ജില്ലാ ആസൂത്രണ സമിതി സർക്കാർ നോമിനി | - | അംഗം |

I/19287/2023

<u>ജില്ലാ ആസൂത്രണ സമിതി നാമ നിർദ്ദേശം ചെയ്യുന്ന അഞ്ച് വിഷയ വിദഗ്ധർ</u>

| | | | |
|---|---|---|---|
| 1. | ഡോ. കിഷോർ കുമാർ. കെ (ബോട്ടണി വിഭാഗം തലവൻ ഫാറൂക്ക് കോളേജ്, കോഴിക്കോട്. | - | അംഗം |
| 2. | ഡോ. രാജേഷ് കെ. പി (ബോട്ടണി വിഭാഗം തലവൻ ഗുരുവായൂരപ്പൻ കോളേജ്) | - | അംഗം |
| 3. | ഡോ. പി. കെ അശോകൻ (പ്രിൻസിപ്പൽ സയിന്റിസ്റ്റ് ഐസിഎആർ- സിഎംഎഫ്ആർഐ, വെസ്റ്റ്ഹിൽ, കോഴിക്കോട്) | - | അംഗം |
| 4. | ഡോ. അബ്ദുൾ ഹമീദ്. ഇ (റിട്ട. ശാസ്ത്രജ്ഞൻ, സിഡബ്ല്യൂആർഡിഎം) | - | അംഗം |
| 5. | ശ്രീ. പി. സി. രവീന്ദ്രൻ, ജില്ലാ റിസോഴ്സ് സെന്ററിലെ ജൈവ വൈവിധ്യ മാനേജ്മെന്റ് ഉപസമിതി ചെയർമാൻ | - | അംഗം |

<u>ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ (2 പേർ)</u>

| | | | |
|---|---|---|---|
| 1. | ശ്രീ. പി. ജി. ജോർജ് (ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്) | - | അംഗം |
| 2. | ശ്രീമതി. പി ശാരുതി (ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി) | - | അംഗം |

<u>ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ (2 പേർ)</u>

| | | | |
|---|---|---|---|
| 1. | ശ്രീ. എൻ. വി ബാബു (ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്) | - | അംഗം |
| 2. | ശ്രീ. ബാബുരാജ് (ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി) | - | അംഗം |

<u>നഗരസഭ ചെയർമാൻമാരിൽനിന്നും ഒരാൾ</u>

| | | |
|---|---|---|
| ശ്രീ. എൻ. സി അബ്ദുൾ റസാക്ക് (ഫറോക്ക് മുൻസിപ്പാലിറ്റി ചെയർമാൻ) | - | അംഗം |
| ജില്ലാ പ്ലാനിംഗ് ഓഫീസർ | - | കൺവീനർ |
| ജില്ലാ കോർഡിനേറ്റർ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് | - | ജോയിന്റ് കൺവീനർ |

**ജില്ലാ കളക്ടർ &**
**മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി**

ജില്ലാ ആസൂത്രണ സമിതി
കോഴിക്കോട്-20

I/19287/2023

പകർപ്പ് : ബന്ധപ്പെട്ട ജനപ്രതിനിധികൾക്ക്/ഉദ്യോഗസ്ഥർക്ക്/വ്യക്തികൾക്ക്

Signed by
T.r.maya
Date: 27-02-2023 22:34:54